പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3053

28.01.2014-ൽ
മറുപടിയ്ക്ക്

# ഭൂമി തട്ടിപ്പുകൾ

**ചോദ്യം**
ശ്രീ.എസ്.ശർമ്മ
ശ്രീ.ബി.സത്യൻ
ശ്രീ.കോലിയക്കോട്എൻ. കൃഷ്ണൻനായർ
ശ്രീ.പി.കെ.ഗുരുദാസൻ

**മറുപടി**
ശ്രീ.അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

റിപ്പോർട്ട് ചെയ്യപ്പെട്ട ഭൂമി തട്ടിപ്പ് കേസുകളുടെ എണ്ണം സംബന്ധിച്ച് വിശദമാക്കാമോ; ക്രിമിനലുകൾക്ക് കൂട്ടു നിന്ന എത്ര റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം ജില്ലകളിലായി രണ്ട് ഭൂമി തട്ടിപ്പുകേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എറണാകുളം ജില്ലയിൽ ഭൂമിതട്ടിപ്പുമായി ബന്ധപ്പെട്ട് ഭൂമി അനധികൃതമായി തണ്ടപ്പേർ അവകാശം മാറ്റി നൽകുന്നതിന് ക്രിമിനലുകൾക്ക് കൂട്ടുനിന്ന തൃക്കാക്കര നോർത്ത് വില്ലേജ് ഓഫീസറായ ശ്രീ.കെ.എസ്.സാബുവിനെയും കണയന്നൂർ അഡീഷണൽ തഹസീൽദാറായിരുന്ന ശ്രീമതി.സി.ആർ.കൃഷ്ണകുമാരിയെയും സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും എറണാകുളം കളക്ടറേറ്റിലെ എൽ.ആർ ഡെപ്യൂട്ടി കളക്ടറായ ശ്രീ.മുഹമ്മദ് ബഷീർ, ജൂനിയർ സൂപ്രണ്ടായ ശ്രീമതി.ബി.ജയശ്രീ, ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ എൽ.ആർ.അസിസ്റ്റന്റ് കമ്മീഷണറായിരുന്ന ശ്രീ.ബി.പ്രസന്നകുമാർ എന്നിവർക്കെതിരെ കുറ്റപത്രം പുറപ്പെടുവിച്ച് അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കടകംപള്ളി വില്ലേജിലെ ഇതേ സ്വഭാവത്തിലുള്ള ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് പ്രസ്തുത വില്ലേജിലെ മുൻ വില്ലേജ് ഓഫീസറായിരുന്ന ശ്രീ.എം.സുബ്രഹ്മണ്യം പിള്ളയെ 19.12.2013-ൽ അച്ചടക്ക നടപടിയുടെ ഭാഗമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് കുറ്റക്കാരെന്ന് കണ്ടെത്തിയ ശ്രീ.വിദ്യോദയ കുമാർ മുൻ വില്ലേജ് ഓഫീസർ, ശ്രീ.അബ്ദുൽ ഗഫൂർ, മുൻ സ്പെഷ്യൽ വില്ലേജ് ഓഫീസർ, ശ്രീ.അജികുമാർ, മുൻ വില്ലേജ് അസിസ്റ്റന്റ് എന്നിവർക്കെതിരെ തിരുവനന്തപുരം ജില്ലാ കളക്ടർ അച്ചടക്ക നടപടി സ്വീകരിക്കുകയും കഠിന ശിക്ഷ നൽകി എസ്5-72284/06 നമ്പർ നടപടിക്രമം പ്രകാരം നടപടി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ